ഉദ്യോഗസ്ഥൻമാരെ പുനർവിന്യസിപ്പിക്കുന്ന നടപടി

1 (*92) ശ്രീ. എ. അലിഹസ്സൻ :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. എ. കണാരൻ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ഉദ്യോഗസ്ഥരെ പുനർവിന്യസിപ്പിക്കുന്ന നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) ഏതെല്ലാം വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥൻമാരെയാണ് പുനർവിന്യസിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളത് ;

(സി) ഏതെല്ലാം വിഭാഗത്തിൽപ്പെട്ട എത്ര ഉദ്യോഗസ്ഥൻമാരെ പുനർവിന്യസിപ്പിക്കണമെന്നാണ് തദ്ദേശവകുപ്പ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇതിൽ എത്ര ഉദ്യോഗസ്ഥൻമാരെ വിന്യസിപ്പിക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത് ;

(ഇ) സെൻ കമ്മറ്റി റിപ്പോർട്ട് സംസ്ഥാനത്ത് പൂർണ്ണമായും നടപ്പാക്കുന്നതിന് ഇതിനകം കൈകൊണ്ട നടപടികൾ വ്യക്തമാക്കാമോ ;

(എഫ്) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതിനകം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ജി) ജനകീയാസൂത്രണത്തിന്റെ മുഴുവൻ പ്രവർത്തന നിയന്ത്രണം, താവൂക്കാഫീസുകളിൽ നിന്നും വിടുതൽ ചെയ്ത വിധവാവാർദ്ധക്യകാല പെൻഷൻ വിതരണം, ലേബർ ആഫീസുകളിൽ നിന്നും നൽകിയിരുന്ന കർഷകതൊഴിലാളി പെൻഷൻ വിതരണം തൊഴിലില്ലായ്മ വേതന വിതരണം എന്നീ അധിക ജോലിക്കായി കൂടുതൽ ഉദ്യോഗസ്ഥൻമാരുടെ സേവനം ലഭ്യമാക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(എച്ച്) ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കുന്ന വികസന ഫണ്ടിന്റെ ഉപയോഗം പരിശോധിക്കുന്നതിന് ഇപ്പോഴുള്ള സംവിധാനം അപര്യാപ്തമെന്ന് കരുതുന്നുണ്ടോ ; എങ്കിൽ ഇതിനായി എന്തെങ്കിലും പുതിയ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ,

(എ) അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് സർക്കാരിന്റെ വിവിധ വകുപ്പുകളിൽനിന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥൻമാരെ പുനർവിന്യാസം ചെയ്യുവാനുള്ള അധികാര വികേന്ദ്രീകരണ കമ്മിറ്റിയുടെ ശുപാർശ സർക്കാർ അംഗീകരിച്ചു പ്രാവർത്തികമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പൊതുമരാമത്ത്-ജലസേചന വകുപ്പുകളിലെ എഞ്ചിനീയറിങ് ജീവനക്കാരെയും 19 വകുപ്പുകളിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെയും 11 വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥൻമാരെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർ വിന്യസിപ്പിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) പുനർവിന്യസിപ്പിക്കുവാൻ അധികാരവികേന്ദ്രീകരണ കമ്മിറ്റി ശുപാർശചെയ്തിട്ടുള്ള ഉദ്യോഗസ്ഥൻമാരുടെ എണ്ണം താഴെ ചേർക്കുന്നു.

ചീഫ് എഞ്ചിനീയർ-2, സൂപ്രണ്ടിങ് എഞ്ചിനീയർ-19, എക്സി. എഞ്ചിനീയർ-76, അസി.എക്സി.എഞ്ചിനീയർ-310, അസി. എഞ്ചിനീയർ-950, ഓവർസിയർ/ഡ്രാഫ്റ്റ്സ്മാൻ-3031, എഞ്ചിനീയർമാരോടൊപ്പം അവരുടെ ആഫീസുകളിലെ സാങ്കേതിക, മിനിസ്റ്റീരിയൽ ജീവനക്കാരെയും വിവിധ വകുപ്പുകളിലെ ക്ളാർക്കുമാരോടൊപ്പം ആനുപാതികമായി ക്ളാസ് ഫോർ ജീവനക്കാരെയും പുനർ വിന്യസിപ്പിക്കണമെന്നും കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകളുടെ ജില്ലാതല ആഫീസുകൾ അവയിലെ ജീവനക്കാരോടൊപ്പം ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറണമെന്നും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

(ഡി) അതിൽ ത്രിതലപഞ്ചായത്തുകൾക്ക് ചീഫ് എഞ്ചിനീയർ -1, സൂപ്രണ്ടിങ് എഞ്ചിനീയർ - 4, എക്സി. എഞ്ചിനീയർ - 21, അസി.എക്സി. എഞ്ചിനീയർ - 126, അസി. എഞ്ചിനീയർ - 374, ഓവർസിയർ/ഡ്രാഫ്റ്റ്സ്മാൻ - 1511, മുനിസിപ്പൽ കോർപ്പറേഷനുകളിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ - 2, എക്സി. എഞ്ചിനീയർ - 12, അസി. എക്സി.എഞ്ചിനീയർ - 41, ഓവർസിയർ/ ഡ്രാഫ്റ്റ്സ്മാൻ - 54, മിനിസ്റ്റീരിയൽ സ്റ്റാഫ് - 1302, മൊത്തം - 3348, കൂടാതെ കൃഷി, മണ്ണ്സംരക്ഷണം, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം, വ്യവസായം, ഗ്രാമവികസനം,സാമൂഹ്യക്ഷേമം, പട്ടികജാതി-പട്ടികവർഗ്ഗവികസനം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥൻമാരെയും പുനർവിന്യസിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നു.

(ഇ&എഫ്) സെൻ കമ്മറ്റി റിപ്പോർട്ട് സംസ്ഥാനത്ത് പൂർണ്ണമായി നടപ്പാക്കുന്നതിന് ഇതിനകം തന്നെ നടപടികൾ കൈകൊണ്ടിട്ടുണ്ട്. അധികാര വികേന്ദ്രീകരണ നടപടികളുടെ ഭാഗമായി, അധികാര വികേന്ദ്രീകരണ കമ്മിറ്റിയുടെ ശുപാർശ പരിഗണിച്ച്, 1994 - ലെ കേരള പഞ്ചായത്ത് രാജ് ആക്ടും 1994- ലെ കേരള മുനിസിപ്പാലിറ്റി ആക്ടും 1999- ൽ സമഗ്രമായി ഭേദഗതി ചെയ്യുകയുണ്ടായി. ഇതേ ലക്ഷ്യം മുൻനിർത്തി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മറ്റ് 35 നിയമങ്ങൾ 2000-ാമാണ്ടിൽ ഭേദഗതി ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ കുറേ പുതിയ ചട്ടങ്ങൾ പുറപ്പെടുവിക്കുകയും കുറേ ചട്ടങ്ങൾ ഭേദഗതി ചെയ്യുകയുമുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പെർഫോർമൻസ് ആഡിറ്റ് ഏർപ്പെടുത്തുകയും അഴിമതി, ദുർവിനിയോഗം തുടങ്ങിയ ആരോപണങ്ങളിൻമേൽ അന്വേഷണം നടത്തി നടപടി എടുക്കുന്നതിന് ഓംബുഡ്സ്മാൻ രൂപീകരിച്ചതും അധികാര വികേന്ദ്രീകരണ കമ്മറ്റിയുടെ ശുപാർശ പ്രകാരമായിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കു കൂടുതൽ സർക്കാർ ഉദ്യോഗസ്ഥൻമാരെ പുനർ വിന്യസിപ്പിക്കണമെന്ന കമ്മിറ്റിയുടെ ശുപാർശ അംഗീകരിച്ച് തുടർ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ജി) അധിക ജോലിഭാരം കണക്കിലെടുത്ത് 987 ഗ്രാമ പഞ്ചായത്തുകളിൽ ഇതിനകം പുതിയ ഓരോ ക്ളാർക്ക് തസ്തിക അനുവദിക്കപ്പെട്ടിട്ടുണ്ട്. വിവിധ വകുപ്പുകളിൽനിന്ന് പുനർവിന്യാസം വഴി ഗ്രാമ ബ്ളോക്ക് പഞ്ചായത്തുകളിൽ ഓരോന്നുവീതവും, ജില്ലാ പഞ്ചായത്തുകളിൽ അഞ്ചുവീതവും ക്ളാർക്കുമാരെ നിയമിക്കണമെന്ന് അധികാര വികേന്ദ്രീകരണ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. അതുപോലെ മുനിസിപ്പാലിറ്റികളിലും അധികമായി ക്ളാർക്കുമാരെ നിയമിക്കാൻ നിർദ്ദേശം ഉണ്ട്. അതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(എച്ച്) നിലവിലുള്ള സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി പെർഫോർമൻസ് ആഡിറ്റ് ശക്തിപ്പെടുത്തി ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ തസ്തികയിലുള്ള ഒരു സ്റ്റേറ്റ് പെർഫോർമൻസ് ആഡിറ്റ് ഓഫീസറെ നിയമിച്ചിട്ടുണ്ട്. കൂടാതെ ലോക്കൽ ഫണ്ട് ആഡിറ്റ് വിഭാഗം പുനഃസംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. എ. അലിഹസ്സൻ: ഉദ്യോഗസ്ഥൻമാരെ പുനർ വിന്യസിപ്പിക്കുന്ന നടപടി അനുസരിച്ച് അധികാര വികേന്ദ്രീകരണ കമ്മറ്റി നൽകിയിട്ടുള്ള ശുപാർശകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: ഈ ഉദ്യോഗസ്ഥൻമാരെ പുനർ വിന്യസിപ്പിക്കുന്നതിനുവേണ്ടി അധികാര വികേന്ദ്രീകരണ കമ്മറ്റി ഓരോ വിഭാഗത്തിലും ഇത്രപേർ വേണം എന്ന് കണ്ടെത്തിയിട്ടുള്ളതായാണ് ഞാൻ ആദ്യം വായിച്ചത്. അതിനെ സംബന്ധിച്ചിടത്തോളം വിവിധ വകുപ്പുകളുമായും, ബന്ധപ്പെട്ട മന്ത്രിമാരുമൊക്കെയായി സംസാരിച്ച് അതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ കൊടുക്കാൻ കഴിയുന്ന ജീവനക്കാരുടെ എണ്ണമാണ് രണ്ടാമത് അംഗീകരിക്കപ്പെട്ട ലിസ്റ്റിൽ ഉള്ളത്.

ശ്രീ. എ. അലിഹസ്സൻ: മറ്റ് ഡിപ്പാർട്ടുമെന്റുകളിൽ നിന്നും ഉയർന്ന തസ്തികകളിലേയ്ക്ക് ജീവനക്കാരെ പുനർ വിന്യസിപ്പിക്കുമ്പോൾ പഞ്ചായത്തുകളിലെ ജീവനക്കാർക്ക് അർഹതപ്പെട്ട പ്രൊമോഷൻ നഷ്ടപ്പെടുമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: പഞ്ചായത്തിൽ നിലവിലുള്ള ജീവനക്കാരുടെ ജോലിയല്ല ഈ പുനർ വിന്യസിക്കപ്പെട്ട ആളുകൾ ചെയ്യുന്നത്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു കൂടുതൽ വിട്ടുകൊടുത്തിട്ടുള്ള അധികാരങ്ങൾ കൈകാര്യം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നതിനു വേണ്ടിയാണ് ഈ ജീവനക്കാരെ പുനർവിന്യസിപ്പിക്കുന്നത്. അതു കൊണ്ട് അവരെ സംബന്ധിച്ചുള്ള പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. വരുന്ന സമയത്ത് അത് പരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. എം. പി. വർഗ്ഗീസ് : ഉദ്യോഗസ്ഥ പുനർവിന്യാസത്തിൽ കൂടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വരുന്ന ഉദ്യോഗസ്ഥൻമാരുടെ നിയന്ത്രണം ആരിലാണ് നിക്ഷിപ്തമായിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : വിട്ടുകൊടുക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥൻമാരുടെമേൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു ചില നിയന്ത്രണങ്ങളുണ്ട്. അതേ സമയത്ത് കടുത്ത രീതിയിലുള്ള നടപടികൾ എടുക്കാനുള്ള അധികാരം അവർക്കില്ല, കൊടുത്തിട്ടുമില്ല.

ശ്രീ. എം. പി. വർഗ്ഗീസ് : അധികാര വികേന്ദ്രീകരണ കമ്മിറ്റി ശുപാർശ ചെയ്തതനുസരിച്ച് പുനർ വിന്യാസം പൂർത്തീകരിച്ചിട്ടുണ്ടോ. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നിയമിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : ഞാൻ പറഞ്ഞല്ലോ അധികാര വികേന്ദ്രീകരണ കമ്മിറ്റി കണ്ടെത്തിയിട്ടുള്ളതുപോലെ ആവശ്യമുള്ള മുഴുവൻ ജീവനക്കാരെയും പുനർ വിന്യസിപ്പിക്കുന്നതിന് വേണ്ടി തീരുമാനിച്ചിട്ടില്ല. കുറച്ചു പേർ കുറയും അംഗീകരിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവരെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിപ്പിക്കുന്നതിനുള്ള നടപടിക്രമം ആരംഭിച്ചിട്ടുണ്ട്. അതിന്റെ വിവിധ തലങ്ങളിലുള്ള ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. എ. കണാരൻ : താലൂക്കാഫീസുകളിൽക്കൂടി വിതരണം ചെയ്തു കൊണ്ടിരിക്കുന്ന പെൻഷൻ പദ്ധതികളെല്ലാം ജനകീയാസൂത്രണത്തിന്റെ ഭാഗമായി ഇപ്പോൾ ത്രിതല പഞ്ചായത്തുകൾക്ക് കൊടുത്തിട്ടുണ്ട്. അഗതി പെൻഷൻ, വിധവപെൻഷൻ, വികലാംഗ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം തുടങ്ങിയവയെല്ലാം കൊടുത്തുകഴിഞ്ഞിട്ടുണ്ട്. അങ്ങ് ഇപ്പോൾ പറഞ്ഞത് ഒരു ക്ലാർക്കിനെ കൊടുത്തിട്ടുണ്ടെന്നാണ്. അതുപോലെതന്നെ ഈ അപേക്ഷകളെല്ലാം സ്വീകരിക്കേണ്ടത് അവിടെയാണ്. അപേക്ഷ സ്വീകരിക്കുക, തീർപ്പുകൽപ്പിക്കുക, അതാത് അവസരത്തിൽ കൊടുക്കേണ്ട പെൻഷനെല്ലാം കൊടുക്കുക എന്നുപറയുമ്പോൾ ഈ ഭാരിച്ച ചുമതല നിർവഹിക്കാൻവേണ്ടി ഒരു ക്ലാർക്ക് മതിയാകുമോ, ആവശ്യമുള്ള സ്റ്റാഫിനെ കൊടുക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : പഞ്ചായത്തുകളിലെ ജീവനക്കാരുടെ ജോലിഭാരം വളരെ കൂടുതലായിട്ടുണ്ടെന്നുള്ള കാര്യത്തിൽ തർക്കമില്ല. പുനർവിന്യസിപ്പിക്കപ്പെട്ട ഉദ്യോഗസ്ഥൻമാർ മുഴുവൻ വരുന്നതിന് മുമ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജോലി നിലവിലുള്ള ജീവനക്കാരാണ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിരുന്നത്. അപ്പോൾ സ്വാഭാവികമായിട്ടും അധികജോലി ചെയ്യേണ്ടി വരുന്നുണ്ട്. അത് പരിഹരിക്കുന്നതിനുവേണ്ടിയാണ് പുനർവിന്യാസം. പുനർവിന്യാസ നടപടി പ്രയോഗത്തിൽ വന്നിട്ടുണ്ടെങ്കിൽ ഈ പറയുന്ന ബുദ്ധിമുട്ട് പിന്നീട് സംഭവിക്കുകയില്ല.

ശ്രീ. എ. കണാരൻ: സെൻ കമ്മറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുനർവിന്യസിപ്പിക്കുന്ന ഉദ്യോഗസ്ഥൻമാരുടെ പേരിൽ ശിക്ഷണ നടപടികൾ ഉൾപ്പടെയുള്ള ഭരണനടപടികൾ കൈക്കൊള്ളാൻ അതാത് പഞ്ചായത്തുകൾക്ക് അധികാരം നൽകിയിട്ടുണ്ടോ ? ഇല്ലെങ്കിൽ അധികാരം നൽകുമോ ? ആരാണ് ഇവരെ ഇപ്പോൾ നിയന്ത്രിക്കുന്നത് ? പ്രത്യേക വിഭാഗമാണോ, പഞ്ചായത്താണോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: ഞാൻ പറഞ്ഞു, പുനർ വിന്യസിപ്പിക്കപ്പെട്ടവരുടെ മേൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് ചില നിയന്ത്രണാധികാരങ്ങൾ ഉണ്ടായിരിക്കും. അവരുടെ ഡിപ്പാർട്ടുമെന്റ് വേറെയാണല്ലോ, ആ ഡിപ്പാർട്ടുമെന്റിൽപ്പെട്ട ആളുകളെ ട്രാൻസ്ഫർ ചെയ്യാനും ശിക്ഷണ നടപടികളും പ്രാഥമികമായിട്ടുള്ള അച്ചടക്കനടപടികളും എടുക്കാനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ട്.

ശ്രീ. വി. കെ. ചന്ദ്രൻ: പെർഫോമൻസ് ആഡിറ്റിനുവേണ്ടി സെക്രട്ടേറിയറ്റിൽ നിന്നും പുനർവിന്യാസം ചെയ്യാൻ നിശ്ചയിച്ചിരുന്ന 87 ജീവനക്കാരെ പുനർവിന്യാസം ചെയ്തു കഴിഞ്ഞോ, ഇല്ലെങ്കിൽ പുനർവിന്യസിപ്പിക്കാനുള്ള കാലതാമസം എന്തെന്ന് വ്യക്തമാക്കാമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: പുനർവിന്യസിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ആഡിറ്റ് ടീം നിശ്ചയിച്ച ജില്ലകളിലെല്ലാം മൂന്നു മാസത്തിലൊരിക്കൽ ആഡിറ്റ് നടത്തണമെന്നാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. അത് കൃത്യമായി നടന്നില്ല. ഒന്നും രണ്ടും തവണ അവർ ആഡിറ്റ് നടത്തി, അത് കൂടുതൽ ശക്തമാക്കുന്നതിനുവേണ്ടിയാണ് പുതിയ ഈ സംവിധാനം കൊണ്ടുവന്നിട്ടുള്ളത്.

ശ്രീ. വി. കെ. ചന്ദ്രൻ: ബഹുമാനപ്പെട്ട മന്ത്രി നേരത്തെ മറുപടി പറഞ്ഞതിൽ എല്ലാ ഡിപ്പാർട്ടുമെന്റിൽ നിന്നും ജീവനക്കാരെ പുനർവിന്യസിപ്പിച്ചു കഴിഞ്ഞില്ല എന്നു പറയുകയുണ്ടായി. പുനർവിന്യസിപ്പിക്കാനുള്ള നടപടി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് വിശദമാക്കാമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: അതിനെ സംബന്ധിച്ച് ഇപ്പോൾ തീരുമാനമെടുത്തു. ഈ തീരുമാനം എടുത്തതുതന്നെ വിവിധ ഡിപ്പാർട്ടുമെന്റ് തലങ്ങളിൽ ചർച്ച നടത്തി ഇത്ര ജീവനക്കാരെ കൊടുക്കുമെന്നുള്ളത് കണ്ടെത്തിയിട്ടാണ്. അതിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് ഗവൺമെന്റ് അംഗീകരിച്ചു. അത് അംഗീകരിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇനി അവർക്ക് ഓപ്ഷൻ കൊടുക്കണം അതുപോലുള്ള നടപടികൾ സ്വീകരിക്കണം അതിന് ഏറിവന്നാൽ ഒന്നു രണ്ടു മാസം വേണ്ടിവരും. അതിനുമുമ്പ് അതുചെയ്യണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : ഗ്രാമപഞ്ചായത്തുകളിലും മുനിസ്സിപ്പാലിറ്റികളിലുമെല്ലാം തന്നെ എൻജിനീയറിംഗ് വിഭാഗത്തിലുള്ള ആളുകൾ ഇല്ലാത്തതിനാൽ വളരെ പ്രയാസം ഉണ്ടാകുന്നു. ഗ്രാമ പഞ്ചായത്തുകളിൽ എൻജിനീയർമാരെ നിശ്ചയിക്കാമെന്നു പറഞ്ഞുവെങ്കിലും ഇപ്പോഴും പൂർണ്ണമായിട്ട് പുനർവിന്യാസം നടന്നില്ല. ഈ കാലയളവിൽ പി. ഡബ്ല്യു.ഡി. കെ. ഡബ്ല്യു.എ. പോലുള്ള വിഭാഗങ്ങളിൽ നിന്ന് വർക്കിംഗ് അറേഞ്ചുമെന്റിൽ എൻജിനീയർമാരെ കൊടുക്കുകയാണെങ്കിൽ പ്രശ്നങ്ങൾ കുറെയേറെ പരിഹരിക്കാൻ കഴിയും പി.എസ്.സി. നിയമനം വരുന്നതുവരെ വർക്കിംഗ് അറേഞ്ചുമെന്റസ് നടത്താൻ തയ്യാറാകുമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : രണ്ടു മാസത്തിനിടയിൽ അത്തരത്തിലുള്ള നടപടി ആവശ്യമുണ്ടോയെന്നുള്ളത് ഗവൺമെന്റിന് തോന്നുന്നില്ല. വളരെ വേഗത്തിൽ പഞ്ചായത്തുകളിൽ എൻജിനീയർമാരെ പുനർവിന്യസിപ്പിക്കാനുള്ള നടപടി സ്വീകരിക്കാം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : വർക്ക് സൂപ്രണ്ട് അതുപോലെ ഓവർസീയർ തസ്തികകൾക്കുവേണ്ടിയുള്ള പി.എസ്.സി. ലിസ്റ്റ് നിലവിലില്ല. അതുകൊണ്ട് ഈ വിഭാഗത്തിൽ പി.എസ്.സി. പരീക്ഷ നടത്തി, ലിസ്റ്റ് തയ്യാറാക്കുന്നതിന് നിയമനം നടത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. പാലോളി മുഹമ്മദ്കുട്ടി : അത് പരിശോധിക്കാം.

ശ്രീ. കെ. പി. എ. മജീദ് : ഈ ഉദ്യോഗസ്ഥ പുനർവിന്യാസത്തിന്റെ ഭാഗമായി ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ബി.എൽ.എ.സി, ഡി.എൽ.എ.സി. എന്നീ സംവിധാനം ഒഴിവാക്കാനുദ്ദേശിക്കുന്നുണ്ടോ? എന്താണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത് എന്നു പറയാമോ ?

ശ്രീ. പാലോളി മുഹമ്മദ്കുട്ടി : കഴിഞ്ഞ നിയമസഭയിൽ ഞാൻ അത് പറഞ്ഞതാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിപ്പിക്കുന്നതു വഴി ഇത്തരം ഒരു സംവിധാനം തുടരേണ്ട ആവശ്യം വരികയില്ല. അവർ വരുന്നതുവരെ ഈ സംവിധാനം തുടരും എന്നാണ് പറഞ്ഞിട്ടുള്ളത്, അതുതന്നെയാണ് ഗവൺമെന്റിന് ഇപ്പോഴും പറയാനുള്ളത്.

ശ്രീ. പി. സി. ജോർജ് : ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ പുനർവിന്യസിപ്പിക്കുന്നതിന്റെ ഭാഗമായി 26 എക്സിക്യൂട്ടീവ് എൻജിനീയർമാർ എന്ന് അങ്ങ് വായിക്കുകയുണ്ടായി. 14 ജില്ലയല്ലേയുള്ളൂ, ഒരു ഡിവിഷനിൽ ഒരു എക്സിക്യൂട്ടീവ് എൻജിനീയർ മതിയല്ലോ. എന്തുകൊണ്ട് ഇത്രയുമധികം എക്സിക്യൂട്ടീവ് എൻജിനീയർമാരെ എടുക്കുന്നു എന്നു പറയാമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : അത്രത്തോളം പൊതുമരാമത്ത് പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇന്നുണ്ട്.

ശ്രീ. പി. സി. ജോർജ് : ആകെ 14 ജില്ലയല്ലേയുള്ളൂ അപ്പോൾ ഒരു ജില്ലയിൽ രണ്ടു ഡിവിഷൻ ഉണ്ടാകുമോ എന്താണ് അതിന്റെ ഘടനയെന്ന് മനസ്സിലാക്കാൻ വേണ്ടി ചോദിച്ചതാണ്. ഒരു ഡിവിഷനിലല്ലേ ഒരു എക്സിക്യൂട്ടീവ് എൻജീനിയർ, അപ്പോൾ 26 എക്സിക്യൂട്ടീവ് എൻജീനിയർ വരുമ്പോൾ 26 ഡിവിഷൻ ഉണ്ടാകുമോ, എന്താണ് അതിന്റെ മാനദണ്ഡം. അതിന്റെ ഘടന ഏതു രീതിയിലാണെന്നാണ് അങ്ങ് ഉദ്ദേശിക്കുന്നത്?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : എല്ലാ ജില്ലകളിലും രണ്ടു ഡിവിഷനുകൾ എന്നുള്ളതല്ല. ചില പ്രധാനപ്പെട്ട ജില്ലകളിൽ ആണ് ഇത് വരുന്നത്. എല്ലാ ജില്ലകളിലും ഇല്ല.

ശ്രീ. ടി. എം. ജേക്കബ് : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ നൽകിയ മറുപടിയിൽ അധികാര വികേന്ദ്രീകരണ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഓംബുഡ്സ്മാനിൽ അംഗങ്ങളെ നിയമിച്ചതിനെക്കുറിച്ച് പറയുകയുണ്ടായി. കേരള നിയമസഭ പാസാക്കിയ നിയമങ്ങൾക്ക് അനുസൃതമായിട്ടാണോ ഓംബുഡ്സ്മാനിലെ അംഗങ്ങളെ നിയമിച്ചിട്ടുള്ളത്. ഈ സമിതിയിൽ അംഗമായി വന്നിരിക്കുന്ന ശ്രീ. ടി. വി. ബാലന് രാഷ്ട്രീയ ബന്ധം ഉണ്ടായിരുന്നതിനെ സംബന്ധിച്ച് ഉയർന്നു വന്നിരിക്കുന്ന ആക്ഷേപത്തെക്കുറിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ, എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : ഓംബുഡ്സ്മാൻ രൂപീകരിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള സെൻ കമ്മറ്റി റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ട് എന്നാണ് ഗവൺമെന്റ് പറയുന്നത്. ശ്രീ. ബാലനെ സംബന്ധിച്ചിടത്തോളം അങ്ങനെയൊരാക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല.

ശ്രീ. പി. രാജു : ഉദ്യോഗസ്ഥ പുനർവിന്യാസം പൂർത്തീകരിക്കുമ്പോൾ അതിന്റെ ഫലമായി അവിടെ ചെല്ലുന്ന ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻ കഴിയാത്ത ഏകദേശം ഇരുന്നൂറ്റിയമ്പത് മുന്നൂറു പഞ്ചായത്തുകൾ കേരളത്തിലുണ്ട് എന്നാണ് കണക്കാക്കപ്പെടുന്നത്. അവർ പിരിക്കുന്ന ടാക്സും മറ്റു വരുമാനവും കൊണ്ട് നിത്യനിദാനചെലവുകൾ പോലും നടത്താൻ കഴിയുന്നില്ല. അങ്ങനെവരുന്ന സാഹചര്യത്തിൽ ഈ ഉദ്യോഗസ്ഥ പുനർവിന്യാസം നടത്തപ്പെടുന്നതിന്റെ ഫലമായുണ്ടാകുന്ന അധികച്ചെലവുകൾ നിർവ്വഹിക്കാൻ എന്തെങ്കിലും സഹായങ്ങൾ ഇത്തരം പഞ്ചായത്തുകൾക്ക് പ്രത്യേകമായിട്ട് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : പുനർവിന്യസിപ്പിക്കപ്പെട്ടുവരുന്ന ഉദ്യോഗസ്ഥൻമാരുടെ ശമ്പളം അതതു പഞ്ചായത്തുകളല്ല കൊടുക്കേണ്ടത്. അത് അവരുടെ ഡിപ്പാർട്ടുമെന്റിൽ നിന്നാണ് കൊടുക്കേണ്ടത്. അപ്പോൾ ആ പ്രശ്നം വരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : ഓംബുഡ്സ്മാനിൽ പൊതുപ്രവർത്തകരുടെ വിഭാഗത്തിൽനിന്ന് ഉൾപ്പെടുത്തിയിരിക്കുന്ന രണ്ട് മെമ്പർമാർക്കും രാഷ്ട്രീയ ചായ്വുണ്ടെന്നും നിഷ്പക്ഷമായി പ്രവർത്തിക്കേണ്ട ഒരു സമിതിയിൽ ഈ രാഷ്ട്രീയ ചായ്വുള്ളവരെ നിയമിക്കുന്നത് ശരിയല്ലെന്നും മുഖ്യമന്ത്രിയെ ഔദ്യോഗികമായി പ്രതിപക്ഷനേതാവ് എന്ന നിലയിൽ ഞാൻ എന്റെ വിയോജനക്കുറിപ്പ് കൊടുത്തിരുന്ന വിവരം അങ്ങേയ്ക്ക് അറിയാമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : അറിയാം. രാഷ്ട്രീയ അഭിപ്രായമില്ലാത്ത മനുഷ്യർ കേരളത്തിലുണ്ടെന്ന് ഞാൻ കരുതുന്നില്ല. ഓംബുഡ്സ്മാനെ സംബന്ധിച്ചിടത്തോളം പറഞ്ഞിട്ടുള്ളത് രാഷ്ട്രീയ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടതാണ്. അങ്ങനെ പ്രവർത്തിക്കുന്നു എന്നുള്ള അറിവ് ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇല്ല.

ശ്രീ. എളമരം കരീം : എഞ്ചിനീയർമാരെ പുനർവിന്യാസം ചെയ്യുമ്പോൾ പി.ഡബ്ല്യു.ഡി.യിലും ഇറിഗേഷനിലുമൊക്കെ പ്രൊമോഷൻ സാദ്ധ്യതകൾ പല രൂപത്തിലായതിനാൽ പി.ഡബ്ല്യു.ഡി. എഞ്ചിനീയർമാർക്ക് നേരത്തെ ജൂനിയേഴ്സ് ആയിരുന്നവരുടെ കീഴിൽ പണി എടുക്കേണ്ടി വരുമോ എന്നുള്ള ആശങ്കയുള്ളതായി അവരുടെ അസോസിയേഷൻതന്നെ ഒരു പരാതി ഉന്നയിച്ചിട്ടുണ്ട്. ഇത് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : അവരുടെ ആശങ്ക മെമ്മോറാണ്ഡ രൂപത്തിൽ തന്ന് ഗവൺമെന്റുമായിട്ട് സംസാരിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ അവരുമായിട്ട് ചർച്ച ചെയ്യാമെന്നുള്ളത് അവരോട് പറഞ്ഞിട്ടുണ്ട്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ജനകീയാസൂത്രണപദ്ധതി പ്രകാരം ഓരോ പഞ്ചായത്തുകളിലും നടന്നിട്ടുള്ള വികസനപ്രവർത്തനങ്ങൾക്ക് ഗവൺമെന്റ് നൽകിയിട്ടുള്ള ചെക്ക് മാർച്ചിനു മുമ്പ് ട്രഷറിയിൽ നിന്ന് സാങ്കേതിക തടസ്സം പറഞ്ഞ് മടക്കിക്കൊണ്ടിരുന്നു. ഇപ്പോൾ മാർച്ച് കഴിഞ്ഞപ്പോൾ വീണ്ടും മാർച്ച് മാസം കഴിഞ്ഞു എന്നുള്ളതിന്റെ പേരിൽ പണം കൊടുക്കുന്നില്ല. കൺവീനർമാർ തിരുവനന്തപുരത്തു വന്ന് സ്പെഷ്യൽ ഓർഡർ വാങ്ങിയാണ് ഓരോ ചെക്കും ക്യാഷ് ചെയ്യുന്നത്. മാർച്ചിൽ കൊടുത്ത ചെക്കുകൾക്കാണ് ഈ ദുരവസ്ഥ വന്നിട്ടുള്ളത്. ഇതുപോലുള്ള ധാരാളം കേസ്സുകൾ കേരളത്തിലെ പല പ്രദേശങ്ങളിലും ഉണ്ട്. എന്നത്തേയ്ക്കാണ് ഈ പ്രശ്നം പരിഹരിക്കാൻ ഉദ്ദേശിക്കുന്നത് ; എന്തുകൊണ്ടാണ് ഈ ചെക്കുകൾക്ക് പണം കൊടുക്കാത്തത് എന്നതിനെ സംബന്ധിച്ച് വ്യക്തമാക്കാമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : അതിനെ സംബന്ധിച്ചുള്ള പരാതി ഗവൺമെന്റിൽ കിട്ടിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അത് പരിശോധിച്ചു വരികയാണ്. ആവശ്യമായിട്ടുള്ള നടപടി അടിയന്തിരമായിട്ട് എടുക്കും.

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : ചില പ്രദേശങ്ങളിലെ ചില വകുപ്പുകളിൽ ഇപ്പോൾത്തന്നെ വേണ്ടത്ര ജീവനക്കാർ ഇല്ലാത്ത സ്ഥിതി ഉണ്ട്. പുനർവിന്യാസം നടക്കുമ്പോൾ ഇത്തരം പ്രദേശങ്ങളെ പ്രതികൂലമായി ബാധിക്കാത്ത നിലയിൽ നടപ്പിലാക്കാൻ ശ്രദ്ധിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : പുനർവിന്യാസം നടത്തുന്നതു വഴി മറ്റു ഡിപ്പാർട്ടുമെന്റുകളിൽ ആവശ്യമായിട്ടുള്ള ജീവനക്കാർ കുറയും എന്നുള്ളതാണ് ബഹുമാനപ്പെട്ട മെമ്പറുടെ ആശങ്ക. അതെല്ലാം പരിശോധിച്ചിട്ട് അതിന്റെ അടിസ്ഥാനത്തിലാണ് അവസാനം അംഗീകരിച്ചിട്ടുള്ളത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : പുനർവിന്യസിപ്പിക്കപ്പെടുന്ന ഉദ്യോഗസ്ഥന്മാരുടെ നിയന്ത്രണം ആരുടെ കീഴിലായിരിക്കുമെന്നതിന് കുറെ ചെറിയ കാര്യങ്ങളിൽ പഞ്ചായത്തിന്റെയും ബാക്കി അതാതു ഡിപ്പാർട്ടുമെന്റിന്റേയുമാണ് എന്നാണ് പറയുന്നത്. ഇ. എസ്. ഐ. കോർപ്പറേഷൻ നേരത്തെ പ്രവർത്തിക്കുന്ന സന്ദർഭത്തിൽ ഇ. എസ്.ഐ.യിലെ ഡയറക്ടർ, ഹെൽത്തിലെ ഒരു അഡിഷണൽ ഡയറക്ടർ, ഇ. എസ്.ഐ.യിലെ റീജിയണൽ ഡയറക്ടർമാർ, അതുപോലെ ഹെൽത്തിൽനിന്നു എടുക്കുന്ന ഡോക്ടർമാർ എല്ലാം പൂർണ്ണമായിരുന്ന് ലേബർ സെക്രട്ടറിയുടെ കീഴിലായി പ്രവർത്തിച്ച പാരമ്പര്യമുള്ള ഒരു സംസ്ഥാനമാണ് കേരളം. അതുകൊണ്ട് എടുക്കുന്ന ഉദ്യോഗസ്ഥന്മാർ അഡിഷണൽ ഡയറക്ടറാണെങ്കിലും ചീഫ് എഞ്ചിനീയറാണെങ്കിലും എക്സിക്യൂട്ടീവ് എഞ്ചിനീയറാണെങ്കിലും ജില്ലാ ഓഫീസുകളാണെങ്കിലും അതെല്ലാം പൂർണ്ണമായി ലോക്കൽ ബോഡീസിന്റേയും അതിന്റെ സെക്രട്ടറിയുടേയും കീഴിൽ കൊണ്ടുവന്നില്ലെങ്കിൽ പ്രവർത്തിക്കാൻ വളരെയധികം പ്രയാസമുണ്ടാകും. ഇത് ഗുണത്തേക്കാളേറെ ദോഷം ചെയ്യുമെന്നുള്ളത് പരിഗണിച്ച് ഈ കാര്യം ചെയ്യാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : അവരുടെ കാര്യത്തിൽ പൂർണ്ണ അധികാരം കൊടുത്താൽ ചില പ്രശ്നങ്ങളുണ്ടാകുമെന്നുള്ളതാണ് ഗവൺമെന്റ് കാണുന്നത്. പ്രായോഗിക രംഗത്ത് അതിന്റെ അനുഭവം വച്ചുകൊണ്ട് ആവശ്യമായ മാറ്റം പിന്നീട് വരുത്താം.

ശ്രീ. സി. പി. ബാവൻ വൈദ്യർ : ഉദ്യോഗസ്ഥൻമാരുടെ പുനർവിന്യാസം അധികം താമസിയാതെ നടക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ചില പഞ്ചായത്തുകളിൽ ജനകീയ കമ്മിറ്റികൾ നടത്തുന്ന പ്രവർത്തനങ്ങൾക്ക് കരാറുകാർ നടത്തുന്ന പ്രവർത്തനങ്ങളോട് സഹകരിക്കുന്നതുപോലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ സഹകരിക്കാത്ത പ്രശ്നമുണ്ട്. ജനകീയ കമ്മിറ്റി എടുക്കുന്ന പ്രവർത്തനങ്ങൾ അവർക്ക് ഭീമമായ നഷ്ടമുണ്ടാക്കത്തക്ക വിധത്തിൽ മെഷർ ചെയ്യുക, റിപ്പോർട്ട് കൊടുക്കുക തുടങ്ങിയ രീതിയിലുള്ള പ്രവണതകൾ സൃഷ്ടിച്ച് കമ്മിറ്റിക്കാരെ നിരുൽസാഹപ്പെടുത്താനും സാമ്പത്തികമായി ബുദ്ധിമുട്ടിക്കാനും നടത്തുന്ന ശ്രമങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അത്തരം ഭീതികൾ ഒഴിവാക്കാൻ എന്തു നടപടി സ്വീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : ഇത്തരം പരാതികൾ ഗവൺമെന്റിന്റെ മുമ്പാകെ വന്നതിന്റെ അടിസ്ഥാനത്തിൽ ബോധപൂർവ്വം ജനകീയ കമ്മിറ്റികളുടെ വർക്കുകൾ തടസ്സപ്പെടുത്തുന്ന രീതിയിലുള്ള സമീപനമുണ്ടോ എന്നുള്ളത് പരിശോധിക്കുന്നതിനു വേണ്ടി സംസ്ഥാനത്തു മൂന്നു ടെക്നിക്കൽ ടീമുകളെ

നിശ്ചയിച്ചിട്ടുണ്ട്. അവർക്ക് പരാതി കിട്ടുന്ന മുറയ്ക്ക് അതിനെ സംബന്ധിച്ച് പരിശോധിച്ച് തെറ്റായ രീതിയിലാണെന്നുണ്ടെങ്കിൽ ആവശ്യമായ നടപടി എടുക്കുന്നതിനുവേണ്ടി ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : ത്രിതല പഞ്ചായത്തുകൾക്ക് പല അധികാരങ്ങളും നൽകിയിരിക്കുന്നത് ഫലപ്രദമായി നടത്താൻ ഉദ്യോഗസ്ഥ പുനർവിന്യാസം നടത്തുമെന്നാണ് പറഞ്ഞത്. ഈ സാഹചര്യത്തിൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുള്ള അധികാരനിർവ്വഹണത്തിന് അത്യാവശ്യമായി വേണ്ട ഉദ്യോഗസ്ഥന്മാരുടെ എണ്ണം നിർണ്ണയിക്കുന്നതിന് ഒരു വർക്ക്സ്റ്റഡി നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പാലോളി മുഹമ്മദ്കുട്ടി : ഒരു വർക്കുസ്റ്റഡി നടത്തിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് തദ്ദേശഭരണസ്ഥാപനത്തിൽ ഇന്ന് വന്നുപെട്ടിട്ടുള്ള അധികാരങ്ങൾ കൈകാര്യം ചെയ്യുന്നതിനുവേണ്ടി ഓരോ വിഭാഗത്തിലും ഇത്രയിത്ര ആളുകൾ വേണമെന്ന് തീരുമാനിക്കപ്പെട്ടിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിലാണ് സെൻ കമ്മിറ്റിയുടെ റിപ്പോർട്ട് വച്ചിട്ടുള്ളത്. അതിൽ പറഞ്ഞിട്ടുള്ള പ്രകാരം ആളുകൾ പൂർണ്ണമായും കിട്ടിയിട്ടില്ലെങ്കിലും 90 ശതമാനം ജീവനക്കാരേയും ഇപ്പോൾ പുനർവിന്യസിപ്പിക്കുന്നതിനുവേണ്ടി തീരുമാനമായിട്ടുണ്ട്.

ശ്രീ. എം. വി. ജയരാജൻ : പുനർവിന്യാസപ്രക്രിയ പൂർത്തിയാക്കുന്നതിനു വേണ്ടി അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഉന്നത ഉദ്യോഗസ്ഥന്മാരടങ്ങിയ ഒരു കമ്മിറ്റിയെ നിയോഗിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ; ഇത് സമയബന്ധിതമായി പൂർത്തീകരിക്കണമെന്നുള്ള നിർദ്ദേശം ബന്ധപ്പെട്ട കമ്മിറ്റിക്ക് നൽകുമോ ?

ശ്രീ. പാലോളി മുഹമ്മദ്കുട്ടി : അതിനെ സംബന്ധിച്ച് ഗവൺമെന്റ് ഈ റിപ്പോർട്ടിന്റെ ഭാഗത്തുതന്നെ സൂചിപ്പിച്ചിട്ടുണ്ട്. അടിയന്തിരമായിട്ട് അതിനുവേണ്ടി നടപടി ഗവൺമെന്റ് സ്വീകരിക്കും. വളരെ വേഗത്തിൽ പുനർവിന്യാസം നടക്കണമെന്നുള്ളതാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. സി. ജോസഫ് : ഇന്നിപ്പോൾ പഞ്ചായത്തുകളിലെ ഭൂരിഭാഗം വർക്കുകളും ബെനിഫിഷ്യറി കമ്മിറ്റികളുടെ പേരിൽ കോൺട്രാക്ടർമാരാണ് ചെയ്യുന്നത്. ഇതിന്റെ ഫലമായി ബെനിഫിഷ്യറി കമ്മിറ്റികൾക്കുള്ള എല്ലാ ആനുകൂല്യങ്ങളും കോൺട്രാക്ടർമാർക്കു കിട്ടുന്നു. ഈ യാഥാർത്ഥ്യം കണക്കിലെടുത്തുകൊണ്ട് ഇത്തരത്തിലുള്ള പ്രവണത അവസാനിപ്പിക്കാനും ആ വർക്കുകൾ ടെണ്ടർ ചെയ്യാൻ നടപടി സ്വീകരിക്കാനും ഗവൺമെന്റ് ശ്രദ്ധിക്കുമോ ?

ശ്രീ. പാലോളി മുഹമ്മദ്കുട്ടി : തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടക്കുന്ന വികസനപ്രവർത്തനങ്ങൾക്ക് വലിയ തോതിൽ ജനങ്ങളുടെ പങ്കാളിത്തം ഉണ്ടാക്കണമെന്നുള്ളതാണ് ഗവൺമെന്റ് ഉദ്ദേശിച്ചത്. അതിന് കഴിഞ്ഞ കാലത്ത് വികസനപ്രവർത്തനത്തിൽ സ്വീകരിച്ചിട്ടുള്ള നിലപാടിൽനിന്ന് മാറ്റം

LIBRARY ARCHIVES Kerala Legislative Assembly

വരുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ജനകീയ കമ്മിറ്റികൾ വന്നത്. അത് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ദുരുപയോഗപ്പെടുത്തുന്ന സ്ഥിതി ഉണ്ട്. ആ ദുരുപയോഗത്തെ കണ്ടെത്തി ഇല്ലാതാക്കുന്നതിനുവേണ്ടി നടപടി ശക്തിപ്പെടുത്തുക എന്നുള്ളതാണ് അതുവഴി ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. എൻ. അനിരുദ്ധൻ: ഒരു ജനാധിപത്യ രാജ്യമായ ഇന്ത്യയിൽ പൗരന്മാർക്ക് രാഷ്ട്രീയ കാര്യത്തിൽ അഭിപ്രായങ്ങൾ ഉണ്ടാകും. അങ്ങനെയുള്ള വ്യക്തികളെ കാസി-ജുഡീഷ്യൽ ഫംഗ്ഷൻസ് നിർവ്വഹിക്കുന്ന സമിതികളിലേയ്ക്കോ മറ്റ് അധികാരസ്ഥാനങ്ങളിലേയ്ക്കോ നിയമിക്കപ്പെടുന്നത് വിലക്കായി കൽപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ; അത് ശരിയാണോ ?

ശ്രീ. പാലോളി മുഹമ്മദ്കുട്ടി: അങ്ങനെ ഗവൺമെന്റ് ഉദ്ദേശിക്കാത്തതു കൊണ്ടാണല്ലോ രാഷ്ട്രീയ അഭിപ്രായം ഇതിൽ തടസ്സമല്ലെന്ന് പറഞ്ഞത്. രാഷ്ട്രീയപ്രവർത്തനത്തിൽ മുഴുകിയിട്ടുള്ള ഒരാൾ ഇതുപോലുള്ള സ്ഥാനത്തേയ്ക്ക് ശരിയല്ല എന്നുള്ളതു മാത്രമാണ് പറഞ്ഞത്.

ശ്രീ. കെ. ബാബു: തിരുവനന്തപുരം കോർപ്പറേഷൻ ഉൾപ്പെടെ ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ക്രമക്കേടുകളുണ്ടായിട്ടുണ്ടെന്ന് അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ടിൽ പറയുന്നുണ്ടെന്ന് കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് വ്യക്തമാക്കിയിരിക്കുകയാണ്. മൂന്നുമാസത്തിനുള്ളിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാമെന്ന് ബഹുമാനപ്പെട്ട അഡ്വക്കേറ്റ് ജനറൽ കോടതിയുടെ ഡിവിഷൻ ബഞ്ച് മുമ്പാകെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. ഈ ക്രമക്കേടുകളെ കുറിച്ച് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, അതിന്റെ അടിസ്ഥാനത്തിൽ ആരുടെയെങ്കിലും പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: അതുസംബന്ധിച്ച് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൂന്നുമാസത്തിനകം ആവശ്യമായ നടപടിയെടുക്കത്തക്ക വിധത്തിലുള്ള നടപടികൾ ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്.

ശ്രീ. പി. കെ. കുമാരൻ: ഉദ്യോഗസ്ഥ പുനർവിന്യാസത്തോടൊപ്പംതന്നെ പഞ്ചായത്തുകളുടെ തനത് സ്റ്റാഫിന്റെ കാര്യത്തെക്കുറിച്ചും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. അവിടെ പറഞ്ഞത് ഒരു പഞ്ചായത്തിന് ഒരു ക്ലാർക്കിനെ അധികമായി അനുവദിക്കുമെന്നാണ്. നമ്മുടെ പഞ്ചായത്തുകളിലെ പ്രവർത്തനങ്ങൾ, ജനസംഖ്യാവിസ്ഫോടനം, ആ പഞ്ചായത്തുകളിൽ നടക്കുന്ന പ്രവർത്തനങ്ങൾ ഇതെല്ലാം വ്യത്യസ്തമാണ്. അതുകൊണ്ട് ജനസംഖ്യ വർദ്ധിച്ചിട്ടുള്ള, വിസ്തൃതി വർദ്ധിച്ചിട്ടുള്ള പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് നിലവിലുള്ള ഒരു പരിശോധന നടത്തി കൂടുതൽ ജോലിഭാരമുള്ള പഞ്ചായത്തുകൾക്ക് ഇന്ന് നിശ്ചയിച്ചിരിക്കുന്നതിന് പുറമേ അധികമായി സ്റ്റാഫിനെ അനുവദിക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാലോളി മുഹമ്മദ കുട്ടി : കൂടുതൽ ജോലി സാദ്ധ്യത വരുന്ന പഞ്ചായത്തുകൾക്ക് ഇന്ന് കൊടുത്തിട്ടുള്ള ഒരു ക്ലാർക്കിന് പുറമെ ഈ പുനർവിന്യാസത്തിൽ തന്നെ ഓരോ ക്ലാർക്കന്മാരെ വീതം കൊടുക്കുന്നതിനു വേണ്ടിയുള്ള തീരുമാനമുണ്ട്. അതിലപ്പുറം വലിയ തോതിൽ സ്റ്റാഫിനെ വച്ചാൽ താങ്ങാൻ കഴിയാത്ത സ്ഥിതി മിക്ക പഞ്ചായത്തുകൾക്കും ഉണ്ട്. ഇതുകൂടി വരികയാണെങ്കിൽ ജോലി ഭാരം കുറയ്ക്കാൻ സാധിക്കുമെന്നാണ് ഗവൺമെന്റ് മനസ്സിലാക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിനെക്കുറിച്ച് ലോക്കൽ ആഡിറ്റ് ഫണ്ടും ഫിനാൻസ് വിംഗും അതോടൊപ്പം അക്കൗണ്ടന്റ് ജനറലും നടത്തിയ ആഡിറ്റുകളെക്കുറിച്ച് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, അതുസംബന്ധിച്ച് എന്ത് നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത് ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : ഈ പറയുന്ന ഏജൻസികളെല്ലാം, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ചും അതിലുള്ള ക്രമക്കേടുകളെ സംബന്ധിച്ചുമൊക്കെ പരിശോധിച്ച് വരുന്ന റിപ്പോർട്ട് ഗവൺമെന്റിലേയ്ക്ക് വരാറുണ്ട്. അത് വരുന്ന മുറയ്ക്ക് ആവശ്യമായ നടപടി ഗവൺമെന്റ് എടുക്കാറുമുണ്ട്. ചില കാര്യങ്ങളെസംബന്ധിച്ചിടത്തോളം വീണ്ടും അന്വേഷണത്തിനുവേണ്ടി വിടാറുണ്ട്. ചില പ്രശ്നങ്ങളിൽ വിജിലൻസ് അന്വേഷണം വേണമെന്ന് തോന്നുന്നതിന്റെ അടിസ്ഥാനത്തിൽ വിജിലൻസിന് വിടാറുണ്ട്. അങ്ങനെ വിട്ടിട്ടുള്ളതിന്റെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് ആവശ്യമായ നടപടി ഗവൺമെന്റ് എടുത്തുവരുന്നുണ്ട്.

റബ്ബറൈസ് ചെയ്ത റോഡുകൾ

2 (*93) ശ്രീ. കെ. പ്രകാശ് ബാബു :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. എം. നാരായണൻ (ഹോസ് ദുർഗ്) :
ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ റബ്ബറൈസ് ചെയ്ത എത്ര കിലോ മീറ്റർ റോഡുണ്ട് ;

(ബി) സാധാരണ ടാറിങ്ങിനെക്കാൾ റബ്ബറൈസ് ചെയ്ത റോഡുകൾക്ക് എത്ര ശതമാനം ഉപയോഗ്യത കൂടുതലുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) കൂടുതൽ റോഡുകൾ റബ്ബറൈസ് ചെയ്യുന്നതിനുദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?